**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4966** **04-07-2024 - ൽ മറുപടിയ്ക്ക്**

**നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | **അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് - വിളക്കുമരം പാലം കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് 31.10.2016 തീയതിയിലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 09.08.2018 തീയതിയിൽ 18.43 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും 24.02.2021 തീയതിയിൽ 21.22കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. 13.02.2019 തീയതിയിൽ 19.91 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 22.07.2019 തീയതിയിൽ 20.37 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ അപ്രോച്ച് സ്ലാബും നടപ്പാതയും ഒഴികെ പാലത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരപ്പേൽ ദ്വീപുഭാഗത്തെ ഗാബിയോൺ പ്രവൃത്തികളും അപ്രോച്ച് റോഡുകളുടെ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി 31.03.2024-ൽ അവസാനിച്ചു. 30.09.2024 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; സ്ഥലമെടുപ്പ് നടപടി ദ്രുതഗതിയിൽ ആക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും 23.11.2023-ന് സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. നിലവിൽ അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ